## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 189 — 16.08.2017 - ൽ മറുപടിക്ക്

### സഹകരണ മേഖലയിലെ പ്രതിസന്ധികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ മേഖല നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട്. 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ 2012-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം, വാണിജ്യ ബാങ്കുകൾക്ക് സമാനമായ രീതിയിൽ സഹകരണ ബാങ്കുകൾക്ക് റെഗുലേറ്ററി നോംസ് നിശ്ചയിച്ചു നൽകിയതും, സേവനനികുതി സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയതും, ആദായ നികുതി നിയമത്തിലെ വകുപ്പ് 80 പി പ്രകാരം സഹകരണ ബാങ്കുകൾക്ക് ഉണ്ടായിരുന്ന ഇളവ് ഒഴിവാക്കിയതും, സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് RTGS, NEFT, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ RBI അനുമതി നല്കാത്തത് ബാങ്കിംഗ് മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൊമേഴ്സ്യൽ ബാങ്കുകളോട് മത്സരിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന സി.എം.എ നോംസ് സഹകരണ ബാങ്കുകൾക്ക് ആകർഷകമായ പ്രോഡക്ട് ഡിസൈനിന് തടസ്സമായി നില്ക്കുന്നു.<br>സംസ്ഥാനത്തെ വായ്പേതര സഹകരണ സംഘങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ്. ആശുപത്രി സഹകരണ സംഘങ്ങൾക്ക് മാനവവിഭവശേഷിയുടെ അഭാവവും, വിവിധ തരത്തിലുള്ള നികുതി ഭാരവും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഈട് പ്രമാണം തിരികെ നൽകാൻ കഴിയാത്ത അവസ്ഥയും, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളിൽ സ്ഥിരം സെക്രട്ടറിമാരുടെ അഭാവം, ഭരണസമിതിയുടെ |

| | | | |
|---|---|---|---|
| | | | അഭാവം, പ്രവർത്തന മേൽനോട്ടക്കുറവ്, അംഗത്വ ശോഷണം തുടങ്ങിയ പോരായ്മകളും ഇവയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഒരു കാലത്ത് വളരെ നന്നായി പ്രവർത്തിച്ചു വന്നിരുന്ന കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തിൽ പിന്നീടുണ്ടായ പാളിച്ചകൾ സംസ്ഥാനത്തെ പൊതു വിപണിയിൽ സഹകരണ മേഖലയുടെ ഇടപെടലിന്റെ പ്രാധാന്യം കുറച്ചിരുന്നു. എന്നാൽ ഇത് ഇപ്പോൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാൻ ഫണ്ട് ലഭിക്കുന്നതിന് ഈടു നല്കണമെന്ന വ്യവസ്ഥയും, സ്റ്റാമ്പ് ഡ്യൂട്ടിയും പലപ്പോഴും സർക്കാർ സഹായം ഉപയോഗപ്പെടുത്തുവാൻ സംഘങ്ങൾക്ക് കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്നു. |
| **(ബി)** | ചെത്തു തൊഴിലാളി സഹകരണ സംഘത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ? | **(ബി)** | സംസ്ഥാനത്തെ ചെത്തു തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പ് കോൺട്രാക്ട് ലഭിക്കാത്ത സാഹചര്യത്തിൽ മെമ്പർമാർ കള്ള് ചെത്തുന്ന ജോലി നിർത്തി പോകുകയും വളരെ ചെറിയ ശതമാനം മെമ്പർമാർ മാത്രം വ്യക്തിപരമായി കള്ള് ചെത്തി മറ്റ് കള്ളു ഷാപ്പുകളിൽ നൽകുകയും ചെയ്യുന്നതിനാൽ സംഘങ്ങൾ ഈ മേഖലയിൽ നിർജ്ജീവാവസ്ഥയിലാണ്.<br>കള്ള് ഷാപ്പുകൾ നടത്താനുള്ള ലൈസൻസ് സംഘങ്ങൾക്ക് നൽകിയാൽ മാത്രമേ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളു. കള്ള് ഷാപ്പ് നടത്തുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ ഇത്തരം സംഘങ്ങളുടെ നിയമാവലിയിലെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സംഘങ്ങൾക്ക് സാധിക്കുന്നില്ല. മറ്റ് സഹകരണ സംഘങ്ങൾ ചെയ്തു വരുന്ന പരിമിതമായ പ്രവർത്തനങ്ങൾ മാത്രമേ നിലവിൽ ഈ സംഘങ്ങൾക്ക് നടപ്പിലാക്കുവാൻ സാധിക്കുന്നുള്ളു.<br>കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 101 ചെത്തു തൊഴിലാളി സംഘങ്ങളിൽ നിലവിൽ 34 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളു. 61 എണ്ണം പ്രവർത്തന രഹിതവും 6 എണ്ണം ലിക്വിഡേഷൻ അവസ്ഥയിലുമാണ്. |

**സെക്ഷൻ ഓഫീസർ**